# ആമുഖം

ചരിത്രരചനകളിൽ ഏറെ പ്രസക്തമല്ലാത്തതും തീർത്തും അശാസ്ത്രീയമായി കൈകാര്യം ചെയ്യപ്പെടുന്നതുമായ ഒന്നാണ് കുടുംബ ചരിത്രങ്ങൾ. പരമാവധി പത്തോ-പതിനഞ്ചോ തലമുറ മാത്രം പിന്നിലേക്കെത്തുന്ന, ചരിത്ര ഗവേഷണത്തിലോ രചനയിലോ താരതമ്യേന പ്രാഗത്ഭ്യം കുറവുള്ള, അതാത് കുടുംബത്തിൽപ്പെട്ട ഏതാനും പേരാൽ നിർവ്വഹിക്കപ്പെടുന്ന ഒന്നാണ് മിക്ക കുടുംബചരിത്രങ്ങളും. തന്മൂലം ഏതാനും വ്യക്തികളിലേക്കും അവരുമായി ബന്ധപ്പെട്ടിട്ടുണ്ടായ ചില സംഭവങ്ങളിലേക്കും ചരിത്രം ചുരുങ്ങുന്നു. ഒരു കുടുംബത്തിന്റെ ഉത്ഭവം, അതിന്റെ വളർച്ച, സാമൂഹിക രാഷ്ട്രീയ പരിസ്ഥിതികളിലുണ്ടായ മാറ്റത്തോടൊപ്പം കുടുംബത്തിനും കുടുംബാംഗങ്ങൾക്കുമുണ്ടായ പരിണാമം, മറിച്ച് പ്രസ്തുത കുടുംബത്തിലൂടെയുണ്ടായിട്ടുള്ള സാമൂഹിക രാഷ്ട്രീയ സംഭവവികാസങ്ങൾ, ഇങ്ങിനെ ഒരു നാട്ടിന്റേയും സമൂഹത്തിന്റേയും ചരിത്രവുമായി ഇഴചേർന്നിരിക്കുന്ന യഥാർത്ഥ ചരിത്രവസ്തുതകൾ, ഒന്നോ രണ്ടോ വാചകങ്ങളിലായി ഒതുക്കുകയാണ് പതിവ്. അതുപോലും പറഞ്ഞു പഴകിയ ചില വാമൊഴി വഴക്കങ്ങളുടെ വിരസമായ ആവർത്തനമായി അവതരിപ്പിക്കപ്പെടുകയും ചെയ്യും.

കോട്ടയത്തെ ഏറ്റവും പുരാതനമായ സിറിയൻ ക്രിസ്ത്യൻ കുടുംബങ്ങളിൽ പ്രമുഖമായ വേങ്കടത്ത് കുടുംബത്തിന്റെ ചരിത്രം, മേല്പറഞ്ഞ പതിവ് രീതിയിൽ നിന്ന് വ്യത്യസ്തമായി തയ്യാറാക്കാനാണ് ശ്രമിച്ചിട്ടുള്ളത്. കുടുംബത്തിലെ, നൂറ്റാണ്ടുകൾ പഴക്കമുള്ള തറവാടുകളിൽ നിന്ന് ലഭിച്ച പുരാവസ്തുക്കൾ, താളിയോലഗ്രന്ഥങ്ങൾ, രേഖകൾ, കൈയെഴുത്ത് - അച്ചടി ഗ്രന്ഥങ്ങൾ തുടങ്ങിയവയെ ആധാരമാക്കിയാണ് ചരിത്രരചന നിർവ്വഹിച്ചിട്ടുള്ളത്. ദേശത്തിന്റേയും ഇവിടുത്തെ മനുഷ്യ സമൂഹങ്ങളുടെയും, പ്രത്യേകിച്ച് ക്രിസ്ത്യാനികളുടെ, സാമൂഹ്യചരിത്രം സംബന്ധിച്ച് എഴുതപ്പെട്ടിട്ടുള്ള രേഖകളെ അടിസ്ഥാനമാക്കി കുടുംബത്തിന്റെ ഉത്ഭവവും പരിണാമദശകളും കണ്ടെത്തുകയായിരുന്നു. പരേതനായ വേങ്കടത്ത് മഠത്തിപ്പറമ്പിൽ വി.എം. അലക്സാണ്ടർ (അന്ത്രോച്ചൻ) ഏകദേശം അഞ്ച് ദശകങ്ങൾക്ക് മുമ്പ്, ഗവേഷണബുദ്ധ്യാ കണ്ടെത്തിയതും പിതാക്കൻമാരിൽ നിന്ന് ലഭിച്ചതുമായ വിവരങ്ങൾ ചേർത്ത് തയ്യാറാക്കിയിരുന്ന ചരിത്രഗതിയാണ്

ക്കുന്ന ഗ്രന്ഥരചന, മറ്റു വിഷയങ്ങളിൽ പ്രാവീണ്യമുള്ളവർ നിർവ്വഹിക്കുമ്പോൾ വന്നുകൂടാവുന്ന പിഴവുകൾ ഇതിലുമുണ്ടാകാം. എന്നാൽ ബന്ധപ്പെട്ട ചരിത്രകാരൻമാർ നടത്തിയ പരിശോധനകൾ അത്തരം പിഴവുകളെ പരമാവധി ഒഴിവാക്കാൻ സഹായിച്ചിട്ടുണ്ട്.

2007-ൽ ഏറെ വർഷങ്ങളുടെ ഇടവേളയ്ക്കുശേഷം, കുടുംബയോഗം പുനരാരംഭിച്ചതിന് ശേഷമുള്ള ഈ കമ്മിറ്റി ഒരു നിയോഗംപോലെ ഏറ്റെടുത്ത ഏറ്റവും ബൃഹത്തായ പദ്ധതിയാണ് കുടുംബചരിത്രരചന. കുടുംബയോഗത്തിന്റെ പ്രസിഡന്റ് റവ.ഫാ. എ. തോമസിന്റെ ധീരമായ നേതൃത്വമാണ് ഇതിനെ ഈ വിധം പൂർത്തീകരിക്കാൻ ഏറെ സഹായിച്ചത്. ഭാരതത്തിലെ ക്രിസ്ത്യാനികളുടെ ചരിത്രം, സുറിയാനി സഭകളുടെ പാരമ്പര്യം, സാമൂഹ്യചരിത്രം എന്നീ വിഷയങ്ങളിൽ ബഹു. അച്ചനുള്ള അഗാധമായ പാണ്ഡിത്യം ഈ ചരിത്രരചനയിൽ ഉടനീളം പ്രതിഫലിച്ച് കാണാം.

കുടുംബയോഗം ട്രഷററായ പ്രൊഫ. ഐപ്പ്മാത്യുവിന്റെ (എബി) സമർപ്പണത്തോടെയുള്ള ഗവേഷണമാണ് ഈ ചരിത്രം രൂപീകരിക്കാനിടയായത്. ഒരു വർഷത്തിലേറെ നീണ്ട കഠിന പ്രയത്നത്തിലൂടെ, വിവിധ ലൈബ്രറികൾ സന്ദർശിച്ചും, ഇരുപതിലേറെ കുടുംബചരിത്രഗ്രന്ഥങ്ങൾ പരിശോധിച്ചും, നൂറിലധികം ആധാരചരിത്രഗ്രന്ഥങ്ങൾ പഠിച്ചും, വിവരസാങ്കേതിക വിദ്യയുടെ നൂതന സാധ്യതകൾ പൂർണ്ണമായും ഉപയോഗിച്ചും എബിച്ചായൻ നടത്തിയ 'തപസ്സാണ്' കുടുംബ ചരിത്രമായി സൃഷ്ടിക്കപ്പെട്ടത്.

കുടുംബചരിത്ര സബ്കമ്മിറ്റിയുടെ കൺവീനർ ഷാജിവേങ്കടത്തിന്റെ കഠിന പ്രയത്നവും വിസ്മരിക്കാവുന്നതല്ല. മുഴുവൻ മാറ്ററും ടൈപ്പ് സെറ്റ് ചെയ്തതും അനേക തവണ പലവിധ മാറ്റങ്ങൾ വരുത്തി ഗ്രന്ഥരൂപത്തിലെത്തിച്ചതും ഷാജിച്ചായനാണ്. പ്രമുഖ സാഹിത്യകാരനായ ഷാജിച്ചായന്റെ സംഭാവനകൾ ഈ ചരിത്രത്തിൽ നിഴലിച്ച് കാണാം.

കുടുംബചരിത്രരചന ആരംഭിച്ചത് മുതൽ ഏകമനസ്സോടെ പ്രവർത്തിച്ചുവന്ന കുടുംബയോഗക്കമ്മിറ്റിക്ക് ഒരു ചരിത്ര സംഭവത്തിന്റെ കാരണക്കാർ എന്ന നിലയിൽ ഏറെ അഭിമാനിക്കാം. കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയിൽ മാത്രം 16 കമ്മിറ്റി യോഗങ്ങളാണ് ഇക്കാര്യത്തിനായി കൂടിയിട്ടുള്ളത്. മിക്ക കമ്മറ്റികളും 5-6 മണിക്കൂർ വരെ ദീർഘിച്ചു. പലതവണ ആവശ്യമായ പരിശോധനകളും തിരുത്തലുകളും വരുത്താനും കമ്മിറ്റിയംഗങ്ങൾ ജാഗരൂഗരായിരുന്നു.

ചരിത്ര വസ്തുതകൾ തേടിയുള്ള യാത്രകൾ കഠിനതരമെങ്കിലും കമ്മിറ്റിയംഗങ്ങൾ ഏറെ ഉത്സാഹത്തോടെ അക്കാര്യങ്ങളിൽ പങ്കെടുത്തു. ചരിത്രഗവേഷകരുടെ ഔത്സുക്യത്തോടെ നടത്തിയ യാത്രകൾ പങ്കെടുത്തവർക്ക് ഒരിക്കലും മറക്കാനാവില്ല.

ക്കുന്ന ഗ്രന്ഥരചന, മറ്റു വിഷയങ്ങളിൽ പ്രാവീണ്യമുള്ളവർ നിർവ്വഹിക്കുമ്പോൾ വന്നുകൂടാവുന്ന പിഴവുകൾ ഇതിലുമുണ്ടാകാം. എന്നാൽ ബന്ധപ്പെട്ട ചരിത്രകാരൻമാർ നടത്തിയ പരിശോധനകൾ അത്തരം പിഴവുകളെ പരമാവധി ഒഴിവാക്കാൻ സഹായിച്ചിട്ടുണ്ട്.

2007-ൽ ഏറെ വർഷങ്ങളുടെ ഇടവേളയ്ക്കുശേഷം, കുടുംബയോഗം പുനരാരംഭിച്ചതിന് ശേഷമുള്ള ഈ കമ്മിറ്റി ഒരു നിയോഗംപോലെ ഏറ്റെടുത്ത ഏറ്റവും ബൃഹത്തായ പദ്ധതിയാണ് കുടുംബചരിത്രരചന. കുടുംബയോഗത്തിന്റെ പ്രസിഡന്റ് റവ.ഫാ. എ. തോമസിന്റെ ധീരമായ നേതൃത്വമാണ് ഇതിനെ ഈ വിധം പൂർത്തീകരിക്കാൻ ഏറെ സഹായിച്ചത്. ഭാരതത്തിലെ ക്രിസ്ത്യാനികളുടെ ചരിത്രം, സുറിയാനി സഭകളുടെ പാരമ്പര്യം, സാമൂഹ്യചരിത്രം എന്നീ വിഷയങ്ങളിൽ ബഹു. അച്ചനുള്ള അഗാധമായ പാണ്ഡിത്യം ഈ ചരിത്രരചനയിൽ ഉടനീളം പ്രതിഫലിച്ച് കാണാം.

കുടുംബയോഗം ട്രഷററായ പ്രൊഫ. ഐപ്പ്മാത്യുവിന്റെ (എബി) സമർപ്പണത്തോടെയുള്ള ഗവേഷണമാണ് ഈ ചരിത്രം രൂപീകരിക്കാനിടയായത്. ഒരു വർഷത്തിലേറെ നീണ്ട കഠിന പ്രയത്നത്തിലൂടെ, വിവിധ ലൈബ്രറികൾ സന്ദർശിച്ചും, ഇരുപതിലേറെ കുടുംബചരിത്രഗ്രന്ഥങ്ങൾ പരിശോധിച്ചും, നൂറിലധികം ആധാരചരിത്രഗന്ഥങ്ങൾ പഠിച്ചും, വിവരസാങ്കേതിക വിദ്യയുടെ നൂതന സാധ്യതകൾ പൂർണ്ണമായും ഉപയോഗിച്ചും എബിച്ചായൻ നടത്തിയ 'തപസ്സാണ്' കുടുംബ ചരിത്രമായി സൃഷ്ടിക്കപ്പെട്ടത്.

കുടുംബചരിത്ര സബ്കമ്മിറ്റിയുടെ കൺവീനർ ഷാജിവേങ്കടത്തിന്റെ കഠിന പ്രയത്നവും വിസ്മരിക്കാവുന്നതല്ല. മുഴുവൻ മാറ്ററും ടൈപ്പ് സെറ്റ് ചെയ്തതും അനേക തവണ പലവിധ മാറ്റങ്ങൾ വരുത്തി ഗ്രന്ഥരൂപത്തിലെത്തിച്ചതും ഷാജിച്ചായനാണ്. പ്രമുഖ സാഹിത്യകാരനായ ഷാജിച്ചായന്റെ സംഭാവനകൾ ഈ ചരിത്രത്തിൽ നിഴലിച്ച് കാണാം.

കുടുംബചരിത്രരചന ആരംഭിച്ചത് മുതൽ ഏകമനസ്സോടെ പ്രവർത്തിച്ചുവന്ന കുടുംബയോഗക്കമ്മിറ്റിക്ക് ഒരു ചരിത്ര സംഭവത്തിന്റെ കാരണക്കാർ എന്ന നിലയിൽ ഏറെ അഭിമാനിക്കാം. കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയിൽ മാത്രം 16 കമ്മിറ്റി യോഗങ്ങളാണ് ഇക്കാര്യത്തിനായി കൂടിയിട്ടുള്ളത്. മിക്ക കമ്മറ്റികളും 5-6 മണിക്കൂർ വരെ ദീർഘിച്ചു. പലതവണ ആവശ്യമായ പരിശോധനകളും തിരുത്തലുകളും വരുത്താനും കമ്മിറ്റിയംഗങ്ങൾ ജാഗരൂഗരായിരുന്നു.

ചരിത്ര വസ്തുതകൾ തേടിയുള്ള യാത്രകൾ കഠിനതരമെങ്കിലും കമ്മിറ്റിയംഗങ്ങൾ ഏറെ ഉത്സാഹത്തോടെ അക്കാര്യങ്ങളിൽ പങ്കെടുത്തു. ചരിത്രഗവേഷകരുടെ ഔത്സുക്യത്തോടെ നടത്തിയ യാത്രകൾ പങ്കെടുത്തവർക്ക് ഒരിക്കലും മറക്കാനാവില്ല.

സമയബന്ധിതമായി, ഇത്തരത്തിലൊരു ബൃഹദ്പദ്ധതി പൂർത്തിയാക്കുമ്പോൾ, പിഴവുകൾ സംഭവിക്കാനുള്ള സാധ്യതകൾ ഏറെയാണ്. അത്തരത്തിലുള്ള പിഴവുകളോ തെറ്റുകളോ ചൂണ്ടിക്കാണിക്കാൻ കുടുംബാംഗങ്ങളും ചരിത്രകുതുകികളും തയ്യാറാകണമെന്ന് കമ്മിറ്റിക്ക് വേണ്ടി അഭ്യർത്ഥിക്കുന്നു.

ഈ കുടുംബ ചരിത്രരചന ഈ വിധം പൂർത്തീകരിക്കാൻ നേരിട്ടും അല്ലാതെയും സഹായിച്ച ഓരോരുത്തരോടുമുള്ള ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു. സർവ്വോപരി ഇതിന്റെ പൂർത്തീകരണത്തിൽ ഉടനീളമുണ്ടായിരുന്ന ദൈവകൃപയെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു.

എല്ലാ കുടുംബാംഗങ്ങൾക്കും വേണ്ടി വിനയപൂർവ്വം ഈ ചരിത്ര ഗ്രന്ഥം സഹൃദയസമക്ഷം സമർപ്പിക്കുന്നു.

**ഡോ. പുന്നൻ കുര്യൻ വേങ്കടത്ത്**
സെക്രട്ടറി
വേങ്കടത്ത് കുടുംബയോഗം

തിരുവഞ്ചൂർ
21-12-2009